"ഭരണഭാഷ മാതൃഭാഷ"

**തിരുവനന്തപുരം ജില്ലാ കളക്ടറുടെ നടപടിക്രമം**
**(ഹാജർ:ഡോ.നവജ്യോത് ഖോസ ഐ.എ.എസ്)**

**കെ 3/216321/19** **തീയതി : 04 .05.2022**

==============================================================

വിഷയം : പൊന്നുംവില - തിരുവനന്തപുരം താലൂക്കിൽ വട്ടിയൂർക്കാവ് ജംഗ്ഷന്റെയും അനുബന്ധ റോഡുകളുടെയും വികസനം- കുടിയൊഴിപ്പിക്കേണ്ടിവരുന്നവ്യാപാരികളുടെപുനരധിവാസത്തിനായി ഭൂമി ഏറ്റെടുക്കൽ- സാമൂഹ്യ പ്രത്യാഘാത പഠനം- വിദഗ്ധ സമിതി ശുപാർശകൾ അംഗീകരിച്ചുകൊണ്ട് 2013 ലെ RFCTLARR ആക്ടിലെ വകുപ്പ് 8(2) പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകി സമുചിത സർക്കാർ ഉത്തരവാകുന്നത് - സംബന്ധിച്ച്-

സൂചന : 1. 29.06.2016-ലെ ജി.ഒ(പി)376/2016/ആർഡി നമ്പർ സർക്കാർ ഉത്തരവ്.
2. വിദഗ്ധ സമിതിയുടെ 08.04 .2022 ലെ റിപ്പോർട്ട്.

..............................................................

തിരുവനന്തപുരം താലൂക്കിൽ പേരൂർക്കട വില്ലേജിൽ വട്ടിയൂർക്കാവ് ജംഗ്ഷന്റെയും അനുബന്ധ റോഡുകളുടെയും വികസനത്തിന്റെ ഭാഗമായി കുടിയൊഴിപ്പിക്കേണ്ടിവരുന്ന വ്യാപാരികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട പൊന്നുംവില നടപടികളുടെ ഭാഗമായി ഭൂമിഏറ്റെടുക്കുന്നതിന് ടിഡ സെക്രട്ടറി അർത്ഥന സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാതല എസ്.ഐ.എ ഏജൻസിയായ ഇൻസ്റ്റിറ്റ്യൂഷൻ ഫോർ റൂറൽ ഡെവലപ്പ്മെന്റ് (ഐ.ആർ.ഡി), തിരുവനന്തപുരം സമർപ്പിച്ച The Right to Fair Compensation and Transparency in Land Acquisiton, Rehabilitation and Resettlement Act, 2013 അധ്യായം 2 എ പ്രകാരമുള്ള സാമൂഹിക ആഘാതപഠന റിപ്പോർട്ട് ടി നിയമത്തിലെ 7-ാം വകുപ്പ് പ്രകാരം വിദഗ്ധ സമിതി വിലയിരുത്തി 6-ാം ഉപവകുപ്പ് അനുശാസിക്കും വിധം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. 200 ആർ വരെയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളിൽ സമുചിത സർക്കാർ ആയി ജില്ലാകളക്ടറെ സൂചന (1) പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശങ്ങളും സാമൂഹിക ആഘാത റിപ്പോർട്ടും വിദഗ്ധ സമിതിയുടെ വിലയിരുത്തലും ടി നിയമത്തിലെ 8-ാം വകുപ്പ് പ്രകാരം വിശദമായി പരിശോധിച്ചതിൽ നിർദ്ദിഷ്ട പദ്ധതി പൊതു ആവശ്യത്തിന് ഉൾപ്പെട്ടുവരുന്നതാണെന്നും ആയതിന്റെ നേട്ടങ്ങളും ആവശ്യകതയും സാമൂഹിക അസൗകര്യങ്ങളെയും

ആഘാതങ്ങളെയും അപേക്ഷിച്ച് വളരെ കുറവാണെന്നും ബോധ്യമായിരിക്കുന്നു. പ്രസ്തുത ഭൂമി പദ്ധതിക്ക് അനുയോജ്യമായതിനാലും മറ്റ് ബദൽ മാർഗ്ഗങ്ങൾ പ്രായോഗികമല്ലാത്തതിനാലും ഈ പദ്ധതി പൊതുജനങ്ങൾക്ക് അത്യന്താപേക്ഷിതമായതിനാലും, നിർദ്ദേശിക്കപ്പെട്ടിട്ടുള്ള അർത്ഥന പ്രകാരം ആവശ്യപ്പെട്ടിരിക്കുന്ന ഏകദേശം 01.2110 ഹെക്ടർ ഭൂമി, പദ്ധതിക്കാവശ്യമായ ചുരുങ്ങിയ വിസ്തീർണ്ണം മാത്രമാണെന്നതിനാലും ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി തുടരുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 അനുസരിച്ചുള്ള തുടർ നടപടികൾക്ക് വകുപ്പ് 8(2) പ്രകാരം അനുവാദം നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)

ജില്ലാ കളക്ടർ

1. അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്, (ആമുഖ കത്ത് സഹിതം).
2. സെക്രട്ടറി,ട്രിഡ
3. സ്പെഷ്യൽ തഹസിൽദാർ, എൽ.എ ജനറൽ, തിരുവനന്തപുരം
   (നിയമം അനുശാസിക്കുന്ന സ്ഥലങ്ങളിൽ പരസ്യപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.)
4. എൻ.ഐ.സി.ഓഫീസർക്ക് - സർക്കാർ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നത്

(ക്യാപ്ഷൻ ചുവടെ പറയും പ്രകാരം ചേർക്കേണ്ടതാണ്)

*Engish - Land Acquisition-Rehabilitation of affected merchants of Vattiyoorkavu Junction Improvement Project - LARR ACT Sec 8(2)-decision of appropriate Govt.

*മലയാളം-പൊന്നുംവില- വട്ടിയൂർക്കാവ് ജംഗ്ഷൻ വികസന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കുടിയൊഴിപ്പിക്കേണ്ടി വരുന്ന വ്യാപാരികളുടെ പുനരധിവാസത്തിനായി ഭൂമി ഏറ്റെടുക്കൽ- എൽ.എ.ആർ.ആർ.ആക്ട് സെക്ഷൻ 8(2)- സമുചിത സർക്കാർ ഉത്തരവ്.

5. കരുതൽ ഫയൽ

ഉത്തരവിൻപ്രകാരം

ഡെപ്യൂട്ടി കളക്ടർ(എൽ.എ)